**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1767** **12-09-2023 - ൽ മറുപടിയ്ക്ക്**

**അഗ്രോ ബിസിനസ് കമ്പനി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക ഉത്പന്നങ്ങൾ ശേഖരിച്ച് ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്നതിനുള്ള കേരള അഗ്രോ ബിസിനസ് കമ്പനിയുടെ രൂപീകരണ നടപടികൾ വിശദമാക്കാമോ? | (എ) | കാർഷിക മേഖലയിലെ മൂല്യവർദ്ധനവും ഗുണമേന്മയുള്ള ഉൽപന്നങ്ങളുടെ വിപണനം ലക്ഷ്യമാക്കി സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക, വിപണന സംവിധാനം സ്ഥാപിക്കുന്നതിനായി CIAL മോഡലിൽ 07.08.2023 ലെ സ.ഉ (കൈ) നം. 71/2023/അഗ്രി ഉത്തരവ് പ്രകാരം കേരള അഗ്രോ ബിസിനസ് (KABCO) കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 33 % ഓഹരിയും, 24 %ത്തിൽ അധികരിക്കാതെ കർഷക ഓഹരിയും, 25 %ത്തിൽ അധികരിക്കാതെ കർഷക കൂട്ടായ്മകളുടെ ഓഹരിയും, 13 %ത്തിൽ അധികരിക്കാതെ പൊതു ഓഹരിയും, പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ 5 %ത്തിൽ അധികരിക്കാത്ത ഓഹരിയും വഴി 10 കോടി രൂപ മൂലധനമായി സമാഹരിച്ചാണ് കമ്പനി പ്രവർത്തിക്കുക. |

സെക്ഷൻ ഓഫീസർ